**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം — കീരമ്പാറ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി മരണപ്പെട്ട പി.എസ്. നടരാജനെതിരായ അച്ചടക്ക നടപടി - അവസാനിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2036/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 20.06.2017

==========================================================================

പരാമർശം: 1. പഞ്ചായത്ത് ഡയറക്ടറുടെ 22.02.2010-ലെ 36573/09 നമ്പർ കുറ്റാരോപണ മെമ്മോ
2. പഞ്ചായത്ത് ഡയറക്ടറുടെ 29.09.2010-ലെ 36573/09 നമ്പർ ഉത്തരവ്
3. സ.ഉ. (സാധാ) നം.1559/2014/തസ്വഭവ തീയതി 20.06.2014
4. പഞ്ചായത്ത് ഡയറക്ടറുടെ 10.02.2015-ലെ 36573/09 നമ്പർ കത്ത്
5. 24.01.2017-ലെ ഇപിബി2/324/2015/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
6. പഞ്ചായത്ത് ഡയറക്ടറുടെ 27.02.2017-ലെ 36573/09 നമ്പർ കത്ത്

**ഉത്തരവ്**

ശ്രീ. പി.എസ്. നടരാജൻ, കീരമ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന കാലയളവിൽ ബസേലിയസ് മൈനിംഗ് & ഗ്രാനൈറ്റ്സ് ഇന്ത്യ ലിമിറ്റഡ് എന്ന കമ്പനിക്ക് അനധികൃതമായി ലൈസൻസ് നല്കി എന്ന കുറ്റത്തിനുമേൽ പഞ്ചായത്ത് ഡയറക്ടർ ടിയാൾക്ക് പരാമർശം (1) പ്രകാരം കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും ഔപചാരിക അന്വേഷണം നടത്തുന്നതിന് എറണാകുളം പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി പരാമർശം (2) പ്രകാരം ഉത്തരവാകുകയും ചെയ്തു. കുറ്റാരോപണ പത്രികയിലെ കുറ്റങ്ങൾ നിലനിൽക്കുന്നതായും ടിയാൻ ശിക്ഷാർഹനാണെന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തുവെങ്കിലും ശ്രീ. പി.എസ്. നടരാജനെ. അനധികൃത ഹാജരില്ലായ്മ മുൻനിർത്തി 19.06.2009 പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും നീക്കിയ സാഹചര്യത്തിൽ ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ചില്ല. പിന്നീട് ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമം പരാമർശം (3) പ്രകാരം സർക്കാർ റദ്ദ് ചെയ്ത സാഹചര്യത്തിൽ ടിയാൻ 31/3/2010-ൽ സേവനത്തിൽനിന്ന് വിരമിച്ചതായി കണക്കാക്കി അനധികൃത ലൈസൻ നൽകിയ വിഷയത്തിൽ കെ.എസ്.ആർ. ഭാഗം III പ്രകാരം നടപടി തുടരാൻ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

ശ്രീ. നടരാജനെതിരെ ആരോപിക്കപ്പെട്ട കുറ്റങ്ങളെല്ലാം അതീവ ഗൗരവമുള്ളതാണെന്നെന്നും ഈ കുറ്റങ്ങളെല്ലാം നിലനിൽക്കുന്നതാണെന്നും അന്വേഷണ വിചാരണയിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. നടരാജനെതിരെ കെ.എസ്.ആർ ഭാഗം III ചട്ടം 3(a) പ്രകാരം നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന്റെ പ്രതിമാസ പെൻഷനിൽനിന്ന് 500/- രൂപ വീതം 5 വർഷത്തേയ്ക്ക് കുറവു വരുത്തുന്നതിന് താല്ക്കാലിക തീരുമാനമെടുത്ത് പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. എന്നാൽ ടിയാൻ 31.12.2015-ൽ മരണമടഞ്ഞിട്ടുണ്ടെന്നും അതിനാൽ തുടർനടപടി ഒഴിവാക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (6) പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 ന്റെ കുറിപ്പ് 3 ഒരു ഉദ്യോഗസ്ഥന്റെ ബാധ്യത തിട്ടപ്പെടുത്തി ടിയാൻ മരണമടയുന്നതിന് മുൻപ് ടിയാനെ രേഖാമൂലം അറിയിച്ചിട്ടുണ്ടെങ്കിൽ മാത്രമേ ടിയാനിൽ നിന്ന് ടി തുക ഈടാക്കാൻ സാധിക്കൂ എന്ന് വ്യവസ്ഥ ചെയ്യുന്നതിനാൽ, ശ്രീ. നടരാജൻ മരണമടയുന്നതിന് മുമ്പ് ചട്ടപ്രകാരം ബാധ്യത തിട്ടപ്പെടുത്തി ടിയാനെ രേഖാമൂലം അറിയിച്ചിട്ടില്ലാത്തതിനാൽ ടിയാനെതിരായ നടപടി തുടരാൻ കഴിയാത്ത സാഹചര്യത്തിൽ കീരമ്പാറ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി മരണപ്പെട്ട പി.എസ്. നടരാജനെതിരായ അച്ചടക്ക നടപടികൾ അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്,**
ജോയിന്റ് സെക്രട്ടറി

1. കീരമ്പാറ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി പി.എസ്. നടരാജന്റെ അനന്തരാവകാശികൾക്ക് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.324/ഇപിബി2/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ